പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 111

28.11.2018 ൽ
മറുപടിയ്ക്ക്

## കോതമംഗലത്ത് മുൻസിഫ് കോടതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആന്റണി ജോൺ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കേരളത്തിൽ മുൻസിഫ് കോടതി ഇല്ലാത്ത ഏക താലൂക്കായ കോതമംഗലത്ത് പ്രസ്തുത കോടതി വേണമെന്ന് ആവശ്യപ്പെട്ട് കോതമംഗലം ബാർ അസോസിയേഷൻ നല്കിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) :ഉണ്ട് |
| (ബി) ഇതുസംബന്ധിച്ച് C5/36/17/ആഭ്യന്തരം എന്ന ഫയലിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;<br>(സി) കോതമംഗലത്ത് മുൻസിഫ് കോടതി സ്ഥാപിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതിയിൽ നിന്നും എന്തെങ്കിലും റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) യും (സി) യും കോതമംഗലത്ത് മുൻസിഫ് കോടതി ആരംഭിക്കുന്നതുൾപ്പെടെ ധാരാളം പുതിയകോടതികൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കണമെന്ന ആവശ്യം ഉന്നയിച്ച് നിരവധി നിവേദനങ്ങളും കത്തുകളും സർക്കാരിൽ ലഭിക്കുകയുണ്ടായി. കോടതികൾ സ്ഥാപിക്കണം എന്ന ആവശ്യം നിലവിലെ കോടതികളിൽ തീർപ്പാകാതെ കിടക്കുന്ന കേസുകളുടെ എണ്ണം, തീർപ്പാകാതെ കിടക്കുന്ന കേസുകളുടെ സ്വഭാവം, സ്ഥല ലഭ്യത തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച മാത്രമേ തീരുമാനം കൈക്കൊള്ളാൻ കഴിയൂ എന്നിരിക്കെ ഇപ്രകാരം എല്ലാ വശങ്ങളും പരിശോധിച്ച് വസ്തുതാവിശകലനം നടത്തി ഏറ്റവും ആവശ്യമായ കോടതികൾ സ്ഥാപിക്കുവാനുള്ള നിർദ്ദേശം നൽകുന്നതിന് ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെടുകയും ആയതിൻ പ്രകാരം ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള മുൻഗണനാലിസ്റ്റിൽ നിന്നും ഒന്നാമതായുള്ള അട്ടപ്പാടി മുൻസിഫ് |

കോടതി മാത്രമാണ് പുതുതായി സ്ഥാപിച്ചിട്ടുള്ളത്. കോതമംഗലം മുൻസിഫ് മജിസ്ട്രേറ്റ് കോടതി, കോടതികളുടെ മുൻഗണനാക്രമം മറികടന്ന് സ്ഥാപിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല

(ഡി) പതിനാറിലധികം ആദിവാസി കോളനികൾ ഉള്ള ടി താലൂക്കിൽ നിലവിലുള്ള രണ്ട് മജിസ്ട്രേറ്റ് കോടതിയിൽ ഒന്നിൽ മുൻസിഫ് ചാർജ് കൊടുത്ത് മുൻസിഫ് കം മജിസ്ട്രേറ്റ് ആക്കി മാറ്റിയാൽ, അധിക ചെലവില്ലാതെ മുൻസിഫ് കോടതി ആരംഭിക്കുവാൻ കഴിയുമെന്നുള്ള സാധ്യത പരിശോധിക്കുമോ; വിശദമാക്കുമോ?

(ഡി) :നിലവിലുള്ള കോതമംഗലം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-1 യെ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയായി പരിവർത്തനം ചെയ്യുന്നതിനുള്ള ഹൈക്കോടതിരജിസ്ട്രാറുടെ പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചിരുന്നു . 25 തസ്തികയോളം ഇതിനായി സൃഷ്ടിക്കേണ്ടതുണ്ട്. പ്രളയാനന്തര സംസ്ഥാനത്തെ പുനർനിർമാണ പ്രവർത്തനങ്ങൾക്ക് മുൻ തൂക്കം നൽകേണ്ടതിനാൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ